**പതിനാലാം കേരള നിയമസഭ**
**പത്തൊൻപതാം സമ്മേളനം**
**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 1714**
**10.03.2020 ലെ മറുപടിയ്ക്ക്**

**സി. & .എ.ജി. റിപ്പോർട്ടിന്മേൽ ജുഡീഷ്യൽ അന്വേഷണം**

| ചോദ്യം<br><br>ശ്രീ. എൻ. ഷംസുദ്ദീൻ | മറുപടി<br><br>മുഖ്യമന്ത്രി |
|---|---|
| (എ) നിയമസഭയിൽ കഴിഞ്ഞ ഇരുപത് വർഷങ്ങളിൽ സമർപ്പിച്ച സി.&എ.ജി. റിപ്പോർട്ടുകളിന്മേൽ സർക്കാർ എപ്പോഴെങ്കിലും ജുഡീഷ്യൽ അന്വേഷണം നടത്തിയിട്ടുണ്ടോ : എങ്കിൽ ഏത് വർഷത്തെ റിപ്പോർട്ടിലാണ് അന്വേഷണം നടത്തിയതെന്നും ഏത് വിഷയത്തിലാണ് അന്വേഷണം നടത്തിയതെന്നതിന്റെയും വിശദ വിവരം നൽകുമോ: | 31.03.2016 ന് അവസാനിച്ച സാമ്പത്തിക വർഷത്തേയ്ക്കുള്ള പൊതുമേഖലാ സ്ഥാപനങ്ങളെ സംബന്ധിച്ച കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറലിന്റെ 4-ാം നം. റിപ്പോർട്ടിൻമേൽ വിഴിഞ്ഞം തുറമുഖ പദ്ധതിയുടെ കൺസഷൻ കരാറുമായി ബന്ധപ്പെട്ട് ചൂണ്ടിക്കാണിച്ചിട്ടുള്ള ക്രമപരമല്ലാത്ത കാര്യങ്ങളെക്കുറിച്ച് അന്വേഷിക്കുന്നതിന് മന്ത്രിസഭയുടെ 31.05.2017 ലെ തീരുമാനപ്രകാരം റിട്ട.ഹൈക്കോടതി ജഡ്ജി ശ്രീ.സി.എൻ രാമചന്ദ്രൻ നായരുടെ നേതൃത്വത്തിൽ ഒരു ജുഡീഷ്യൽ കമ്മീഷനെ നിയമിച്ചിരുന്നു |
| (ബി) 2020 ഫെബ്രുവരിയിൽ നിയമസഭയിൽ സമർപ്പിച്ച സി.&എ.ജി. റിപ്പോർട്ടിൽ പരാമർശിച്ചിട്ടുള്ള പോലീസ് വകുപ്പിലെ അഴിമതിയെ സംബന്ധിച്ച് മുൻ സി.&എ.ജി. റിപ്പോർട്ടുകളിന്മേൽ ചെയ്തതുപോലെ ജുഡീഷ്യൽ അന്വേഷണം നടത്തുവാൻ നടപടി സ്വീകരിക്കുമോ: വിശദാംശം നൽകുമോ: | പരിഗണനയിലില്ല |

**സെക്ഷൻ ഓഫീസർ**